# ആദിവാസി–ദലിത് മുന്നേറ്റത്തിന് പിന്തുണ നൽകും : മേധ

**സ്വന്തം ലേഖകൻ**

കൊച്ചി : കേരളത്തിലെ ആദിവാസി - ദലിത് സമരത്തോടൊപ്പം ഉറച്ച നിൽക്കുമെന്ന് പരിസ്ഥിതി പ്രവർത്തകയും നർമ്മദാ ബചാവോ ആന്ദോളൻ നേതാവുമായ മേധാപട്കർ പ്രസ്താവിച്ചു. 'ആ ദിവാസി ഗ്രാമപഞ്ചായത്തും ഷെഡ്യൂൾഡ് ഏരിയായും എന്ന സെമിനാർ എറണാകുളത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

അഞ്ചാം ഷെഡ്യൂൾ നിലനിൽക്കുമ്പോൾതന്നെ ആദിവാസി ഭൂമി കയ്യേറ്റം ചെയ്യപ്പെടുന്നു. കുടിയേറ്റക്കാർ ആദിവാസികൾക്ക് അനുകൂലമായ നിയമങ്ങൾ വളച്ചൊടിച്ച് സ്വന്തം നേട്ടത്തിനായി ഉപയോഗിക്കുകയാണ്. ഇതു തടയാൻ സർക്കാർ ബാധ്യസ്ഥരാണ്.

ആദിവാസി - ദലിത് വിഭാഗങ്ങൾ പാരമ്പര്യമായി കാത്തുസൂക്ഷിച്ച വനഭൂമി ഉള്ളതുകൊണ്ടാണ് ഇവിടെ പരിസ്ഥിതി വാദം പറയാൻ കഴിയുന്നതെന്ന് അവർ ചൂണ്ടിക്കാട്ടി.

പരിഷ്കാരങ്ങളുടേയും വികസനത്തിന്റേയും പേരിൽ കുടിയിറക്കപ്പെടുന്ന ആദിവാസികൾ പ്രതിഷേധിക്കുമ്പോൾ പോലീസിനെ ഉപയോഗിച്ച് മർദ്ദിച്ചൊതുക്കുകയാണെന്ന് ഗുജറാത്തിലേയും ബീഹാറിലേയും അനുഭവങ്ങൾ വിവരിച്ച് അവർ പറഞ്ഞു. പണ്ട് സെമീന്ദാർമാരാണ് ആദിവാസി ഭൂമി കയ്യേറിയതെങ്കിൽ ഇന്നാ റോൾ സർക്കാർ ഏറ്റെടുത്തിരിക്കുന്നു.

ആദിവാസി - ദലിത് മുന്നേറ്റത്തിലൂടെ ദേശീയതലത്തിൽ ഒരു കൂട്ടായ്മ ഉരുത്തിരിഞ്ഞു വരേണ്ടതുണ്ടെന്ന് അവർ കൂട്ടിച്ചേർത്തു.

മദ്ധ്യപ്രദേശിൽ നിന്നുള്ള ആദിവാസി യുവാവ് വണിയ നർമദാ സമരാനുഭവം പങ്കുവെച്ചു.